بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ۝۱

# ജുമുഅഃ ഖുത്ബ സംഗ്രഹം 06.09.2024

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

***യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.***

# തിരുനബി ചരിത്രം: അഹ്സാബ് യുദ്ധം

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○ اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ اَلرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഇന്ന് ഞാൻ ഖന്ദക് യുദ്ധം അല്ലെങ്കിൽ അഹ്സാബ് യുദ്ധത്തെ സംബന്ധിച്ചാണ് പറയുന്നത്. ഇത് ഹിജ്റ 5ാം വർഷം, 627 ഫെബ്രുവരി മാർച്ച് മാസങ്ങളിലാണ് നടന്നത്.

വിശുദ്ധ ഖുർആനിൽ അഹ്സാബ് യുദ്ധത്തെ കുറിച്ച് പറയുന്ന സൂറഃ അഹ്സാബിലെ 10 മുതൽ 26 വരെയുള്ള വചനങ്ങളും അതിന്റെ അർഥവും കേൾപ്പിച്ചതിനുശേഷം ഈ യുദ്ധത്തിന്റെ പേരിനുള്ള കാരണം വിവരിച്ചുകൊണ്ട് ഹുസൂർ പറഞ്ഞു: ഈ യുദ്ധം 'ഖൻദഖ്' എന്ന പേരിൽ അറിയപ്പെടാൻ കാരണം, അറബികളുടെ പതിവ് സമ്പ്രദായങ്ങൾക്ക് വിപരീതമായി ആദ്യമായി മുസ്ലിംകൾ ഒരു കിടങ്ങ് (ഖൻദഖ്) കുഴിച്ച് പ്രതിരോധ യുദ്ധം നടത്തുകയുണ്ടായി. ഇത് അഹ്സാബ് യുദ്ധം എന്നും അറിയപ്പെടുന്നുണ്ട്. ഖുർആൻ ഈ പേരാണ് നൽകിയിട്ടുള്ളത്. അഹ്സാബ് എന്നത് ഹിസ്ബ് എന്ന പദത്തിന്റെ ബഹുവചനമാകുന്നു, അതിന്റെ അർത്ഥം 'കൂട്ടം' അല്ലെങ്കിൽ 'ഗ്രൂപ്പ്' എന്നാണ്. ഈ യുദ്ധത്തിൽ അറേബ്യയിലെ വിവിധ കൂട്ടങ്ങളും ഗ്രൂപ്പുകളും ചേർന്ന് മുസ്ലിംകളെ ആക്രമിക്കുകയുണ്ടായി. അതുകൊണ്ട് അത് അഹ്സാബ് യുദ്ധം എന്നും അറിയപ്പെടുന്നു.

ഇതിന്റെ കാരണമായി പറയുന്നു: ഹിജ്റ നാലാം വർഷം റബീഉൽ അവ്വൽ മാസത്തിൽ യഹൂദ ഗോത്രമായ ബനൂനദീർ തങ്ങളുടെ വാഗ്ദാന ലംഘനവും കലാപവും നബി(സ)യെ വധിക്കാനുള്ള ഗൂഢ പദ്ധതിയും കാരണം മദീനയിൽനിന്ന് പുറത്താക്കപ്പെട്ടു. ഈ ഗോത്രം ഖൈബറിൽ താമസമാക്കി. പക്ഷേ നാലുമാസമേ കഴിഞ്ഞിട്ടുണ്ടായിരുന്നുള്ളു, നന്ദികെട്ട, ഈ ഗൂഢാലോചന നടത്തുന്ന യഹൂദികൾ തിരുനബി(സ)നും ഇസ്ലാമിനും എതിരിൽ വളരെ ഭയാനകമായ ഒരു പദ്ധതി തയ്യാറാക്കി. ബനുനദീറിന്റെ തലവൻ ഹുയ്യ് ബിൻ അഖ്തബ് തന്റെ ചില സക്രിയ സുഹൃത്തുക്കളെയുംകൂട്ടി മക്കയിലേക്ക് പോയി. അബൂസുഫിയാനുമായും മറ്റു ഖുറൈശി മൂപ്പന്മാരുമായും കൂടിക്കാഴ്ച നടത്തി. ഖുറൈശികളോട് ഞങ്ങൾ നിങ്ങളോടൊപ്പമുണ്ട് എന്ന ഉറപ്പ് നൽകി. നമുക്കെല്ലാവർക്കും ഒന്നിച്ച് മുഹമ്മദ്(സ)നും കൂട്ടുകാർക്കും എതിരിൽ ഒരു ഉടമ്പടി ഉണ്ടാക്കാം എന്ന നിർദേശം നൽകി. അബൂസുഫിയാൻ യഹൂദ മൂപ്പന്മാരെ സ്വാഗതം ചെയ്തുകൊണ്ട് പറഞ്ഞു: നിങ്ങൾ ഞങ്ങളുടെ വീട്ടിൽ വന്നിരിക്കുന്നു മുഹമ്മദ്(സ)ന് എതിരിൽ ഞങ്ങളെ സഹായിക്കുന്നതുകൊണ്ട് നിങ്ങൾ ഞങ്ങൾക്ക് മറ്റെല്ലാവരേക്കാളും പ്രിയപ്പെട്ടവരാണ്.

ഏതായാലും ഖുറൈശികളുമായി, (മദീനയെ ആക്രമിക്കുന്നതിനുള്ള) പദ്ധതി തീരുമാനിച്ചതിനുശേഷം ഈ സംഘം അറേബ്യയിലെ മറ്റ് ഗോത്രങ്ങളുടെ അടുത്തേക്ക് പോയി. അങ്ങനെ ആദ്യം ബനൂഗത്ഫാന്റെ അടുക്കലെത്തി. അവർ മുസ്ലിംകൾക്കെതിരെ കഠിന വിദ്വേഷം ഉള്ളവരായിരുന്നു. യഹൂദികൾ അവരെ തിരുനബി(സ)ക്കെതിരെ യുദ്ധം ചെയ്യാൻ ക്ഷണിക്കുകയും അതോടൊപ്പം ഖൈബറിലെ ഒരു വർഷത്തെ ഈന്തപ്പഴങ്ങൾ അവർക്ക് നൽകാമെന്ന അതിമോഹവും നൽകുകയുണ്ടായി.

അതിനെ തുടർന്ന് ബനൂഗത്ഫാൻ സഹായ വാഗ്ദാനം ചെയ്യുകയും ജാമ്യം എന്ന നിലയ്ക്ക് തങ്ങളുടെ ഭാഗത്തുനിന്ന് 6000 സൈനികരെ നൽകുകയും ചെയ്തു. അതിനുശേഷം യഹൂദികളുടെ ഈ സംഘം ബനൂസുലൈമിന്റെ അടുത്തെത്തി. ഇവരും മുസ്ലിംകളെ ആക്രമിക്കാൻ ആഗ്രഹിച്ചിരുന്ന മറ്റൊരു ഗോത്രമായിരുന്നു. പക്ഷേ (ഇതിനു മുമ്പ്) അവർ പരാജയപ്പെടുകയായിരുന്നു. ഇത്ര വലിയ ഒരു സൈനികസംഘം ആക്രമിക്കാൻ തയ്യാറാണെന്ന് അറിഞ്ഞപ്പോൾ ഈ ഗോത്രവും സന്തോഷപൂർവ്വം അവരെ സഹായിക്കാമെന്നേറ്റു.

അതുപോലെ ബനൂഫസാറ ഗോത്രം തങ്ങളുടെ നേതാവായ അയീനയുടെ നേതൃത്വത്തിൽ നബി(സ) യോട് യുദ്ധം ചെയ്യാൻ തയ്യാറായി. അയീന തന്റെ സുഹൃദ് ഗോത്രമായ ബനൂഅസദിനെയും ക്ഷണി ക്കുകയുണ്ടായി. അവരും ക്ഷണം സ്വീകരിച്ച് മുസ്‌ലിംകളെ ആക്രമിക്കാൻ തയ്യാറായി. മറ്റു ചില ഗോത്രങ്ങളും ഈ യുദ്ധത്തിലെ അംഗബലത്തിൽ കാര്യമായി വർദ്ധനവ് ഉണ്ടാക്കി. ഈ എല്ലാ ഗോത്ര ങ്ങളും തങ്ങളുടെ ധീരതയിൽ അറേബ്യയിൽ മുഴുവനും പുകൾപെറ്റവരായിരുന്നു.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതുന്നു: യഹൂദികൾ വളരെ കുല്സിതമായ സാമർത്ഥ്യം ഉള്ളവരായിരുന്നു. ഇത്തരത്തിലുള്ള ഗൂഢാലോചനയിൽ വലിയ സമർത്ഥരുമായിരുന്നു. അതുകൊണ്ട് അവരുടെ കലാപപരമായ പരിശ്രമ ങ്ങൾ സാധ്യമാക്കുകയും അറേബ്യൻ ഗോത്രങ്ങൾ ഒരേക മനസ്സോടെ മുസ്‌ലിംകൾക്കെതിരിൽ രണാങ്കണത്തേക്ക് ഇറങ്ങുകയും ചെയ്തു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഖൈ ബർ യഹൂദികളുടെ ഒരു വലിയ കേന്ദ്രവും ഉറച്ച കോട്ടയുമായിരുന്നു. ബനൂനദീർ ഇവിടെയെത്തി മുസ്‌ലിംകൾക്കെതിരെ അറബികൾക്കിടയിൽ വികാ രാവേശങ്ങൾ ഉണ്ടാക്കാൻ തുടങ്ങി. ഒരു നീണ്ട തയ്യാറെടുപ്പിന്ശേഷം അറേബ്യയിലെ എല്ലാ ശക്തരായ ഗോത്രങ്ങളും ഒരു പൊതു ഐക്യ ത്തിന്റെ അടിസ്ഥാനത്തിൽ ഒന്നിച്ചുകൂടി. അതിൽ മക്കക്കാരും മക്കയിലെ സമീപ ഗോത്രങ്ങളും നജ്ദി ലെയും മദീനയിൽനിന്ന് വടക്കുഭാഗത്ത് പ്രദേശങ്ങ ളിലുള്ള ഗോത്രങ്ങളും ഭാഗഭാക്കായിരുന്നു; യഹൂ ദികളും ഉണ്ടായിരുന്നു. എല്ലാ ഗോത്രങ്ങളും ഒരുമിച്ചുകൂടി മദീനയെ ആക്രമിക്കുന്നതിനുള്ള ഒരു ശക്തമായ സൈന്യത്തെ തയ്യാറാക്കി.

ഖുറൈശികൾ 4000 സൈന്യവുമായിട്ടാണ് പുറ പ്പെട്ടത്. അതിന്റെ നേതൃത്വം അബൂസുഫിയാൻ ആണ് വഹിച്ചിരുന്നത്. സവാരികളുടെ നേതൃത്വം ഖാലിദ് ബിനു വലീദിനായിരുന്നു. ബനൂ സുലൈ മിലെ 700 പേർ ഖുറൈശികളുമായി ചേർന്നു. സുഫിയാൻ ബിൻ അബ്ദുശ്ശംസാണ് അവരുടെ നേതൃത്വം വഹിച്ചിരുന്നത്. ബനു അസദ്, തുലൈഹ ബിൻ ഖുവൈലിദിന്റെ നേതൃത്വത്തിൽ പുറപ്പെട്ടു. ബനൂഫസാറയിലെ ആയിരം പേർ അയീന ബിൻ ഹസന്റെ നേതൃത്വത്തിൽ പുറപ്പെട്ടു. ബനൂഅശ്ജ യുടെയും ബനൂമർറയുടെയും 400 വീതം പേർ പുറ പ്പെട്ടു. ബനൂഗത്ഫാൻ 6000 സൈനികരെ വാഗ് ദാനം ചെയ്തിരുന്നു. യഹൂദികളിൽനിന്ന് രണ്ടായി രത്തിലധികം റിസർവ് സൈന്യവും ഉണ്ടായിരുന്നു.

ഇങ്ങനെ വ്യത്യസ്ത ഗോത്രങ്ങളിലുള്ള പതിനാ യിരം ആളുകൾ ഈ യുദ്ധത്തിൽ ഭാഗഭാക്കായി. ചില നിവേദനങ്ങൾ അനുസരിച്ച് ഏറെക്കുറെ 24000 ആണെന്ന് പറയുന്നുണ്ട്. ഇവർ എല്ലാവരു ടെയും പൊതുവായ നേതൃത്വം അബൂസുഫിയാൻ ബിൻ ഹർബിന്റെ കൈകളിലായിരുന്നു. ഇത് അതുവരെയുള്ള അറബികളുടെ ചരിത്രത്തിലെ ഏറ്റവും വലിയ സൈനികനീക്കം ആയിരുന്നു.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതുന്നു: ഖുറൈശി സൈന്യം പതിനായിരം ആളുകൾ എന്ന അനുമാനത്തെ ശരിയാണെന്ന് അംഗീകരിച്ചാലും ആ കാലഘട്ടത്തിൽ ഈ അംഗ ബലം വളരെ വലുതായിരുന്നു. ഒരുപക്ഷേ ഇതിനു മുമ്പ് അറബി ഗോത്രയുദ്ധങ്ങളിൽ ഇത്ര വലിയ അംഗബലം ഒരു യുദ്ധത്തിലും ഉണ്ടായിരുന്നില്ല. യുദ്ധസാമഗ്രികളും ഭക്ഷണപദാർത്ഥങ്ങളും എല്ലാ നിലക്കും യഥേഷ്ടം ഉണ്ടായിരുന്നു. അങ്ങനെ ഈ സൈന്യം ഹിജ്റ 5 ാം വർഷം ശവ്വാലിൽ അഥവാ ക്രിസ്തുവർഷം 627 ഫെബ്രുവരി മാർച്ച് മാസങ്ങ ളിൽ മദീനക്ക് നേരെ നീങ്ങിക്കൊണ്ടിരുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിക്കുന്നു: വിവിധ ചരിത്രകാരന്മാർ ഈ സൈന്യത്തിൽ 10000 മുതൽ 24000 വരെ ആളുകൾ ഉണ്ടായിരുന്നു എന്ന് അനുമാനിക്കുന്നു. പക്ഷേ മുഴുവൻ അറബികളു ടെയും സംഘടിതഫലമായി കേവലം 10000 സൈ നികർ മാത്രമാണെന്ന് പറയാൻ സാധ്യമല്ല. തീർച്ച യായും 24000 എന്ന അനുമാനമായിരിക്കും കൂടു തൽ ശരി. ഇനി കൂടുതലൊന്നും ഇല്ലെങ്കിൽ പോലും ഈ സൈന്യം 18 മുതൽ 20,000 വരെ തീർ ച്ചയായും ഉണ്ടായിരിക്കും. മദീന ഒരു സാധാരണ നാട്ടിൻപുറം ആയിരുന്നു. ഈ പ്രദേശത്തിനെതിരെ മുഴുവൻ അറബികളും ആക്രമിക്കാൻ ഇറങ്ങുന്നത് ഒരു ചെറിയ ആക്രമണം ആകുന്നതല്ല. മദീന യിലെ പുരുഷന്മാരെ ഒരുമിച്ചു കൂട്ടിയാൽ അതിൽ കുട്ടികളെയും വൃദ്ധരെയും ഉൾപ്പെടുത്തിയാൽ പോലും 3000 പേർ മാത്രമാണ് ഉണ്ടാവുക. ഇതിനെ തിരിൽ ശത്രുക്കളുടെ സൈനിക ഫലം 20 24 ആയിര ത്തിനിടയിൽ ആയിരുന്നു പിന്നെ അവരെല്ലാവരും യുദ്ധനൈപുണ്യമുള്ള ആളുകളുമായിരുന്നു.

നബി(സ) നിഷേധികളുടെ തയ്യാറെടുപ്പുകളെ പറ്റി അറിഞ്ഞപ്പോൾ കിടങ്ങ് കുഴിക്കാൻ തീരുമാനിച്ചു. ഇതിന്റെ വിശദീകരണത്തിൽ എഴുതുന്നു: തിരു നബി(സ)യുടെ രഹസ്യാന്വേഷണ വിഭാഗം ഈ കാര്യങ്ങളെ സംബന്ധിച്ച് ഒന്നും അജ്ഞരായി രുന്നില്ല. നാലു ഭാഗത്തുനിന്നും ഉള്ള വാർത്തകൾ തിരുനബി(സ)ന് എത്തിക്കൊണ്ടിരുന്നു.

ഖുറൈശികളുടെയും യഹൂദികളുടെയും ഈ ഭയാനകമായ പദ്ധതിയെപറ്റി അറിയിപ്പു ലഭിച്ചപ്പോൾ നബി(സ) സ്വഹാബാക്കളെ വിളിച്ചുകൂട്ടി ശത്രുക്കളുടെ ദുരുദ്ദേശത്തെപറ്റി ബോധ്യപ്പെടുത്തി. മദീനയിൽ നിന്നുകൊണ്ടാണോ അതല്ല പുറത്തു പോയിട്ടാണോ യുദ്ധം ചെയ്യേണ്ടത് എന്ന് അവരോട് അഭിപ്രായമാരാഞ്ഞു. (അധികം അഭിപ്രായങ്ങളും മദീനയുടെ ഉള്ളിൽനിന്നു പ്രതിരോധിക്കുക എന്നായിരുന്നു.) നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ, ഹദ്റത്ത് സൽമാൻ(റ) അഭിപ്രായപ്പെട്ടു: (യാ റസൂലല്ലാഹ്!) ഞങ്ങൾ ഫാർസികൾ കുതിരകളുടെ സംഘങ്ങളെ ഭയപ്പെടുമ്പോൾ അതിനു മുന്നിൽ കിടങ്ങ് കുഴിക്കുമായിരുന്നു. ഈ അഭിപ്രായം എല്ലാവർക്കും ഇഷ്ടമായി. തിരുനബി(സ) മദീനയുടെ അകത്തുനിന്നു തന്നെ പ്രതിരോധിക്കാനും കിടങ്ങു കുഴിക്കാനും കൽപ്പന നൽകി. ചില നബി ചരിത്രങ്ങളിൽനിന്ന് വ്യക്തമാകുന്നത് കിടങ്ങ് കുഴിക്കാനുള്ള തീരുമാനം ഹദ്റത്ത് സൽമാൻ ഫാരിസിയുടെ അഭിപ്രായ പ്രകാരം മാത്രമായിരുന്നില്ല; മറിച്ച് അല്ലാഹു ഇൽഹാം മുഖേന ഈ മാർഗം അവലംബിക്കാൻ പറഞ്ഞുകൊടുത്തിരുന്നു. കാരണം അറബികൾക്ക് ഈ മാർഗ്ഗം തികച്ചും പുതിയതായിരുന്നു.

ഖുറൈശികൾ മദീനയുടെ അടുത്തെത്തി ഈ കിടങ്ങ് താണ്ടി കടക്കാൻ പരാജയപ്പെട്ടപ്പോൾ (വളരെ നിസ്സഹായാവസ്ഥയും അഹങ്കാരവും നിറഞ്ഞ ഭാവത്തിൽ) അവിടെനിന്ന് നബി(സ)ന് ലാത്തയേയും ഉസ്സയേയും മറ്റും ദേവതകളേയും പരാമർശിച്ചുകൊണ്ട് ഒരു കത്ത് എഴുതി. നിങ്ങൾ (ചുറ്റുഭാഗത്തും) കിടങ്ങുകൾ കുഴിച്ചു ഞങ്ങളെ നേരിടുന്നതിൽനിന്ന് ഒഴിഞ്ഞുമാറുകയാണ്. അതിനു മറുപടിയായി നബി(സ) അബൂസുഫിയാന് ഒരു കത്ത് എഴുതി: നിങ്ങളുടെ കത്ത് കിട്ടി. എനിക്കറിയാം നിങ്ങൾ അല്ലാഹുവിനെതിരിൽ അഹങ്കാരത്തിൽ ആണുള്ളത്. നിങ്ങൾ മദീനയ്ക്കുമേൽ അതിശക്തമായ സൈന്യത്തെയുംകൊണ്ട് ആക്രമിക്കുമെന്നും അങ്ങനെ ഞങ്ങളുടെ പേരും ചൂരും ഇല്ലാതാക്കുമെന്നും ശപഥം ചെയ്തതായും പറയുന്നു. പക്ഷേ ഇത് ദൈവകൽപ്പനയാകുന്നു. അത് നിന്റെ നീചമായ ലക്ഷ്യത്തിനിടയിൽ തടസ്സമായി നിൽക്കുന്നു. അവൻ തന്റെ തീരുമാനമെടുക്കുമ്പോൾ നിങ്ങളുടെ ലാത്തയുടെയും ഉസ്സയുടെയും പേരുകൾപോലും നിങ്ങൾ മറന്നു പോകുന്നതാണ്. കിടങ്ങ് കുഴിക്കാൻ ആരാണ് എന്നോട് പറഞ്ഞത് എന്ന് നിങ്ങൾ ചോദിക്കുന്നു. ഈ മാർഗം അല്ലാഹു ഇൽഹാം മുഖേന എന്നെ അറിയിച്ചതാണ്. കേൾക്കൂ, അവസാനം അല്ലാഹു ഞങ്ങളെ വിജയിപ്പിക്കുന്നതാണ്.

നബി(സ)യുടെ ഈ കത്തിൽനിന്ന് മനസ്സിലാകുന്നത്, ഹദ്റത്ത് സൽമാൻ ഫാരിസി(റ) അഭിപ്രായം നൽകിയിരുന്നുവെങ്കിൽകൂടി അതനുസരിച്ച് പ്രവർത്തിക്കാനുള്ള തീരുമാനം തിരുനബി(സ) ഇൽഹാമിന്റെ അടിസ്ഥാനത്തിലാണ് എടുത്തത് എന്നാണ്. ബാക്കി വിശദീകരണങ്ങൾ ഇൻശാ അല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്.

ഇപ്പോൾ പാക്കിസ്ഥാനിലെ അഹ്മദികൾക്കു വേണ്ടി പ്രത്യേകമായി ദുആ ചെയ്യാൻ ഓർക്കുക. പാക്കിസ്ഥാനിലെ അഹ്മദികളും തങ്ങൾക്ക്വേണ്ടി ദുആകളിലേക്കും സ്വദഖകൾ നൽകുന്നതിലേക്കും ശ്രദ്ധിക്കുക. അല്ലാഹു അവരെ സംരക്ഷിക്കുകയും എതിരാളികളുടെ എല്ലാ ദ്രോഹങ്ങളിൽനിന്നും രക്ഷിക്കുകയും ചെയ്യുമാറാകട്ടെ. ദ്രോഹികളുടെ ദ്രോഹം അവരിലേക്ക് തന്നെ തിരിക്കുമാറാകട്ടെ.

മൊത്തത്തിൽ ലോകത്തിന്റെ നന്മയ്ക്ക്വേണ്ടി ദുആചെയ്യുക. അല്ലാഹു ലോകത്തെ എല്ലാ കുഴപ്പങ്ങളിൽനിന്നും സംരക്ഷിക്കുമാറാകട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِي الْقُرْبٰى وَ يَنْهٰى
عَنِ الْفَحْشَآءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -


Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Masjid Mubarak, Islamabad, Tilford, UK – on 06.09.2024
Malayalam Translation: **Moulavi H. Shamsuddin Kavassery**
Layout: Moulavi T. Jamshad Mukkam, For Malayalam Desk, Qadian.

Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516